# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2215 — 11/06/2018-ൽ മറുപടിക്ക്

## മരുന്നുകളുടെ വില നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്ത് ഏകദേശം എത്ര മെഡിക്കൽ ഷോപ്പുകളും ഫാർമസികളും പ്രവർത്തിക്കുന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്; ഇവയുടെ പരിശോധനയ്ക്കായി എത്ര ഡ്രഗ് ഇൻസ്പെക്ടർമാരാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;<br><br>ബി) സംസ്ഥാനത്ത് വിപണനം ചെയ്യുന്ന മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; | എ) യും ബി) യും സംസ്ഥാനത്ത് മെഡിക്കൽ സ്റ്റോറുകളും ഫാർമസികളും ഉൾപ്പെടെ 14488 ചില്ലറ ഔഷധ വ്യാപാരികളും 6673 ഔഷധ മൊത്ത വ്യാപാരികളും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പരിശോധനകൾക്കായി 47 ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളത്. കേന്ദ്ര ഏജൻസിയായ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയ്ക്കാണ് രാജ്യമെമ്പാടും വിപണനം ചെയ്യുന്ന മരുന്നുകളുടെ സീലിംഗ് വില നിശ്ചയിക്കുവാനുള്ള അധികാരമുള്ളതെങ്കിലും സംസ്ഥാനത്ത് വിപണനം ചെയ്യുന്ന മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പ വരുത്തുന്നതിനും ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിയമാനുസൃതമുള്ള വിവിധ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| സി) മരുന്ന് വില നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും പ്രൈസ് മോണിറ്ററിംഗ് റിസോഴ്സ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം ഏത് രീതിയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | സി) മരുന്നുകളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ്. പ്രസ്തുത ഏജൻസി തന്നെയാണ് സംസ്ഥാനങ്ങളിൽ പ്രൈസ് മോണിറ്ററിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ